പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6742 — 01.11.2011-ൽ മറുപടിയ്ക്ക്

**തീർത്ഥാടനത്തിന് മുന്നോടിയായി നടത്തിയ അവലോകനയോഗങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. വി.എസ്. ശിവകുമാർ, ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി. |
| (എ) മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിന് മുന്നോടിയായി എത്ര അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ട് ; | (എ) | സർക്കാർ തലത്തിലും, ദേവസ്വം ബോർഡ് തലത്തിലും, പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിലുമായി മൊത്തം 16 അവലോകന യോഗങ്ങൾ ഈ വർഷം നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത യോഗങ്ങൾ ചേർന്ന തീയതികൾ അറിയിക്കുമോ ; | (ബി) | 27/01/2011, 28/01/2011, 09/03/2011, 28/03/2011, 05/04/2011, 13/05/2011, 02/06/2011, 06/07/2011, 23/07/2011 (രണ്ട് യോഗങ്ങൾ), 01/10/2011, 08/10/2011, 15/10/2011 (രണ്ട് യോഗങ്ങൾ), 20/10/2011 എന്നീ തീയതികളിലാണ് യോഗങ്ങൾ നടന്നിട്ടുള്ളത്. കൂടാതെ 23/10/2011 -ൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധിനിധികളുമായി കോട്ടയത്തു വച്ച് യോഗം ചേർന്നിട്ടുണ്ട്. |
| (സി) പ്രസ്തുത യോഗങ്ങളിൽ എടുത്ത പ്രധാന തീരുമാനങ്ങളും അവയുടെ തുടർ നടപടികളും വ്യക്തമാക്കുമോ ; | (സി) | വാഹന പാർക്കിംഗ്, കുടിവെള്ളം, ടോയ്ലറ്റ് സംവിധാനം മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ സംരക്ഷണം തുടങ്ങിയവ ഉറപ്പു വരുത്തുക. പമ്പാ-ചാലക്കയം റോഡ് - റബ്ബറൈസ് ചെയ്യുക., സ്വാമി അയ്യപ്പൻ റോഡിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിക്കുക, ഇടത്താവളങ്ങളിൽ സൗകര്യം ഒരുക്കുക, പോലീസുകാരുടെ മെസ്സ് സബ്സിഡി വർദ്ധനവ്. ഡോക്ടർമാരുടെ ടി.എ/ഡി.എ എന്നിവ അനുവദിക്കുക, ദർശനത്തിനായി മണിക്കൂറുകളോളം ക്യൂ നിൽക്കുന്ന അയ്യപ്പ ഭക്തന്മാർക്ക് ആവശ്യമായ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുക, സത്രം, പുല്ലുമേട്, പരുന്തൻപാറ, പാഞ്ചാലിമേട്, വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങൾ ശബരിമല സീസണുമായി ബന്ധപെടുത്തി ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുക., സുരക്ഷാ ക്രമീകരണങ്ങൾക്ക് മുൻഗണന നൽകുക, ട്രാഫിക് നിയന്ത്രണം, യാചക നിരോധനം, പ്ലാസ്റ്റിക് നിരോധനം, അനധികൃത വില്പനക്കാരുടെ നിയന്ത്രണം എന്നിവ നടപ്പിലാക്കുക. ആവശ്യാനുസരണം പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിക്കുക, സുരക്ഷാ ഉപകരണങ്ങളുടെ പരിശോധന, ക്ലോസ്ഡ് സർക്യൂട്ട് ടി.വി സ്ഥാപിക്കൽ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പോലീസിനെ ലഭ്യമാക്കൽ., NDRF. RAF എന്നീ വിഭാഗങ്ങളുടെ സേവനം ലഭ്യമാക്കൽ, പുല്ലുമേട്. സത്രം എന്നിവിടങ്ങളിൽ താൽക്കാലിക കൺട്രോൾ റൂം തുറക്കുകയും ടി സ്ഥലങ്ങളിൽ ബാരിക്കേടുകൾ നിർമ്മി |

ക്കുകയും ചെയ്യുക, ആവശ്യമായ ഡോക്ടർമാർ, കാർഡിയോളജിസ്റ്റുകൾ, പാരാമെഡിക്കൽ സ്റ്റാഫുകൾ തുടങ്ങിയവരെ നിയോഗിക്കുക, ആവശ്യമായ മരുന്ന് സ്റ്റോക്ക് ചെയ്യുക. ആംബുലൻസുകളും, മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഏർപ്പെടുത്തുക, കാർഡിയോളജി സെന്ററുകളുടെ പ്രവർത്തനം ഉത്സവ കാലം തുടങ്ങുന്നതിന്റെ തലേ ദിവസം മുതൽ സജ്ജമാക്കുക, ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുക, വണ്ടിപ്പെരിയാർ മുതൽ കോഴിക്കാനം വരെയുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, എം.സി.റോഡു് അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുക, ബാരിക്കേടുകളുടെ നിർമ്മാണം നടത്തുക, കുടിവെള്ള വിതരണ സംവിധാനം വിപുലീകരിക്കുക., ജല ശുദ്ധീകരണം നടത്തുക, കഴിവതുംവേഗം സമാന്തര പൈപ്പ് ലൈൻ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നടപ്പിലാക്കൽ എന്നിവ ആരംഭിക്കുക, ഉപ്പുപാറയിൽ ഫയർ ആൻറ് റെസ്ക്യൂവിൻെറ സേവനം ഉറപ്പു വരുത്തുക, സാനിട്ടേഷൻ സൊസൈറ്റിയുടെ പ്രവർത്തനം, ശുചീകരണത്തിനായി വോളണ്ടിയർമാരെ നിയമിക്കൽ, ഉപ്പുപാറയിൽ ബാരിക്കേടു നിർമ്മാണം, മകരജ്യോതി ദർശനത്തിൻെറ ഭാഗമായി ഉപ്പുപാറയിലും പരുന്തൻ പാറയിലും പാഞ്ചാലിമേട്ടിലും അസ്കാ ലൈറ്റുകൾ സ്ഥാപിക്കുക., പുല്ലുമേട്, സത്രം എന്നിവിടങ്ങളിൽ താൽക്കാലിക ബാരിക്കേടുകൾ നിർമ്മിക്കുക

ഇക്കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലേക്കായി വകുപ്പു തലവൻമാർക്ക് നിർദ്ദേശം നൽകുകയും തൊട്ടടുത്ത യോഗങ്ങളിൽ ഇതിൻെറ പ്രവർത്തന അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. ഇതിൽ ഏറെക്കുറെ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | തീർത്ഥാടനത്തിന് മുന്നോടിയായി പമ്പയിലും സന്നിധാനത്തും നടത്തുന്ന പ്രധാന നിർമ്മാണ പ്രവർത്തനങ്ങളും അതിന്റെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ ? | (ഡി) | ദർശനം കഴിഞ്ഞ് മടങ്ങിവരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനായി മാളികപ്പുറത്തിനു പടിഞ്ഞാറു ഭാഗത്തുള്ള പോലീസ് ബാരക്കിനു സമീപത്തു നിന്നും ചന്ദ്രാനന്ദൻ റോഡുവരെ കരസേനയുടെ സഹായത്തോടെ ബെയ്ലി ബ്രിഡ്ജും അപ്രോച്ച് റോഡും, മരക്കൂട്ടം ഭാഗത്ത് `ക്യൂ` കോംപ്ലക്സ്, മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലായി 'ക്യൂ' കോംപ്ലക്സ്, പമ്പയിൽ പുതുതായി ഒരു എമർജൻസി റോഡ്, സ്വാമി അയ്യപ്പൻ റോഡ് ട്രാക്റ്ററബിൾ ആക്കുക, പമ്പാ–മരക്കൂട്ടം പാതയിൽ നിലവിലുള്ള പന്തലുകൾക്കു പുറമേ പുതിയതായി നാലു പന്തലുകൾ. ഇതിൽ ബെയ്ലി ബ്രിഡ്ജിൻെറയും അപ്രോച്ച് റോഡിൻെറയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ക്യൂ കോംപ്ലക്സുകളുടെ പണികൾ, സ്വാമി അയ്യപ്പൻ റോഡ് റിപ്പയർ എന്നിവ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ